**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1683** **11-09-2023 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖത്ത് നിന്നും കപ്പൽ സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ഡോ. എം. കെ. മുനീർ** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി സംസ്ഥാനത്തെ മറ്റ് തുറമുഖങ്ങളിലേക്ക് കപ്പൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ആരംഭിക്കുന്നതോടുകൂടി അഴീക്കൽ, ബേപ്പൂർ, കൊല്ലം തുറമുഖങ്ങളെ ബന്ധിപ്പിച്ച് കപ്പൽ സർവ്വീസ് നടത്തുന്നതിനുള്ള സാദ്ധ്യതകൾ കേരള മാരിടൈം ബോർഡ് പരിശോധിക്കുന്നുണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലേക്ക് സർവ്വീസ് നടത്താനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | എങ്കിൽ ഏതെല്ലാം തുറമുഖങ്ങളിലേക്ക് സർവ്വീസ് നടത്താനാണ് ഉദ്ദേശിക്കുന്നത്; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ആരംഭിക്കുന്നതോടുകൂടി അഴീക്കൽ, ബേപ്പൂർ, കൊല്ലം തുറമുഖങ്ങളെ ബന്ധിപ്പിച്ച് കപ്പൽ സർവ്വീസ് നടത്തുന്നതിനുള്ള സാദ്ധ്യതകൾ കേരള മാരിടൈം ബോർഡ് പരിശോധിക്കുന്നുണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലേക്ക് സർവ്വീസ് നടത്താനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഇതിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങൾക്ക് ISPS അംഗീകാരം ലഭിച്ചിട്ടുണ്ട്. ബേപ്പൂർ തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചു വരുന്നു. നിലവിൽ അഴീക്കൽ തുറമുഖത്തുള്ള ചന്ദ്രഗിരി ഡ്രഡ്ജർ അറ്റകുറ്റപ്പണി നടത്തി അഴീക്കൽ, വിഴിഞ്ഞം തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ